**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2424** **27-02-2023 - ൽ മറുപടിയ്ക്ക്**

**ഏനാന്തി പാലം പുനർ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2019-ലെ പ്രളയത്തിൽ നിർമ്മാണത്തിലിരിക്കെ തകർന്ന നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരിമ്പുഴയ്ക്ക് കുറുകെയുള്ള ഏനാന്തി പാലം പുനർ നിർമ്മിക്കുന്നത് സംബന്ധിച്ച ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിലെ ഏത് വിഭാഗത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന് അറിയിക്കാമോ; പ്രസ്തുത ഫയൽ നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ; | (എ) | **2019-ലെ പ്രളയത്തിൽ നിർമ്മാണത്തിലിരിക്കെ തകർന്ന, നിലമ്പൂർ നിയോജകമണ്ഡലത്തിലെ കരിമ്പുഴയ്ക്ക് കുറുകെയുള്ള ഏനാന്തി പാലം പുനർ നിർമ്മിക്കുന്നത് സംബന്ധിച്ച ഫയൽ ധനകാര്യ വകുപ്പിലെ ഇൻഡസ്ട്രീസ് ആൻഡ് പിഡബ്ല്യൂ ബി സെക്ഷനിലാണ് കൈകാര്യം ചെയ്യുന്നത്. പുതുക്കിയ ഭരണാനുമതിക്ക് 1712 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ധനവകുപ്പിൽ സമർപ്പിക്കുകയും ആയത് ചീഫ് ടെക്നിക്കൽ എക്സാമിനർ പരിശോധിക്കുകയും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് പുതുക്കി സമർപ്പിക്കുവാൻ ഭരണ വകുപ്പിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല.** |
| (ബി) | പ്രസ്തുത ഫയലിൽ ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് ബാക്കിയുള്ളതെന്ന് വിശദമാക്കാമോ; | (ബി) | **പുതുക്കിയ എസ്റ്റിമേറ്റ് ഭരണവകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് വീണ്ടും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമാക്കി പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.** |
| (സി) | ഭരണ വിഭാഗത്തിൽ നിന്നും ലഭിച്ച റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രസ്തുത പാലം പുനർ നിർമ്മിക്കുന്നതിന് അധിക തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത പാലം പുനർ നിർമ്മാണവുമായി ബന്ധപ്പെട്ട് ചെയ്യാനുദ്ദേശിക്കുന്ന തുടർ നടപടികൾ വിശദമാക്കുമോ; | (സി) | സ്വീകരിക്കും. **പുതുക്കിയ എസ്റ്റിമേറ്റ് ഭരണവകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് വീണ്ടും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമാക്കി പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.** |
| (ഡി) | ഏനാന്തിക്കടവ് പാലത്തിന്റെ പ്രവൃത്തികൾ പാതിവഴിയിൽ നിലച്ചത് മൂലം പ്രദേശവാസികൾ അനുഭവിക്കുന്ന യാത്രാക്ലേശവും ദുരിതവും പരിഹരിക്കുവാൻ സന്നദ്ധമാകുമോ; പ്രസ്തുത പാലം പുനർ നിർമ്മിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഡി) | സന്നദ്ധമാകും. **പുതുക്കിയ എസ്റ്റിമേറ്റ് ഭരണവകുപ്പ് ലഭ്യമാക്കുന്ന മുറയ്ക്ക് ആയത് വീണ്ടും ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയ്ക്ക് വിധേയമാക്കി പുതുക്കിയ ഭരണാനുമതി അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.** |

സെക്ഷൻ ഓഫീസർ